## (16) ദുർബ്ബല ജനവിഭാഗങ്ങൾക്ക് അനുവദിച്ച ഭവനനിർമ്മാണ വായ്പാത്തുക എഴുതിത്തള്ളണമെന്ന ആവശ്യം

ശ്രീ. എ. കണാരൻ : സർ, ദുർബല ജനവിഭാഗങ്ങൾക്ക് പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി ഒരു ഘട്ടത്തിൽ 4,000 രൂപ വീടിനു വേണ്ടി കടം നൽകി. ശ്രീ. നമ്പാടൻ മാസ്റ്റർ ഹൗസിംഗിന്റെ മന്ത്രിയായിരുന്ന പ്പോൾ അത് 7000 രൂപയാക്കി വ്യവസ്ഥയുണ്ടാക്കി. ആദ്യഘട്ടത്തിൽ 4,000 രൂപ യായിരുന്നത് പിന്നെ 7,000 രൂപയാക്കി വർദ്ധിപ്പിച്ചു. നാലായിരവും ഏഴായി രവും രൂപകൊണ്ട് ചിലരെല്ലാം അടിത്തറ കെട്ടി. മേൽപ്പുര കെട്ടാൻ കാശില്ലാ ത്തതുകൊണ്ട് അതിന് കഴിഞ്ഞില്ല. ചിലർ അടിത്തറയും ചുമരും കെട്ടി. മേൽപ്പുരയ്ക്കായി ഓട് വയ്ക്കാൻ പണമില്ലാത്തതുകൊണ്ട് ഓട് വച്ചില്ല. അടുത്ത മഴയ്ക്ക് അതെല്ലാം തകർന്നുപോയി. ഇതിന്റെ ഫലമായി പാവപ്പെട്ട ആളുകൾക്ക് വീട് ഇല്ലാതായി. അവർ ജപ്തി നടപടികൾക്ക് വിധേയരാകുന്ന അവസ്ഥയുമുണ്ടായി. പണ്ട് ഉണ്ടാക്കിയ വീടുകളെപ്പറ്റി ഞാൻ പറയുന്നില്ല. മണ്ണുകൊണ്ടോ ഇലകൾകൊണ്ടോ കൂരയുണ്ടാക്കി താമസിച്ചിരുന്ന ആ പാവ പ്പെട്ട ആളുകൾക്ക് ഒരു വീട്ടിൽ താമസിക്കുക എന്നുള്ള ആഗ്രഹമുണ്ടായി.

"വൃത്തമില്ല, കോണില്ല, ചതുരമില്ല,
എത്തിനോക്കിയിട്ടില്ല ശിൽപ്പിതന്ത്രം
കോണും മുഴകളും തീർന്നിട്ടില്ലിതിൽ
കാണാം ഈ കൈവിരൽപ്പാടുകൾ."

എന്നാണ് ഒരു കവി നമ്മുടെ രാജ്യത്തെ പാവപ്പെട്ടവന്റെ കൊട്ടാരത്തെ പ്പറ്റി വർണ്ണിച്ചത്. ഗവൺമെന്റിന്റെ സഹായമായി കിട്ടിയ നാലായിരമോ ഏഴാ യിരമോ രൂപ കൊണ്ട് എന്ത് വീടുണ്ടാക്കാനാണ്? വീടുണ്ടാക്കണം, വീടുണ്ടാ ക്കണമെന്ന് പറഞ്ഞ് ഇവർ തെണ്ടി നടന്നു. ആ വീട് ഉണ്ടാക്കാൻ സാധിച്ചി ല്ലെന്നല്ല, ഉള്ള വീടുതന്നെ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. ഈ ഗവൺമെന്റ് ധൂർത്തുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ധൂർത്തില്ലെന്ന് പറയുന്നത് ശരിയല്ല. നമ്മുടെ ഖജനാവിലുള്ള പണം അനാവശ്യമായി ചെലവാക്കാവുന്ന അനേകം സംവിധാനങ്ങളുണ്ട്. മന്ത്രിമാർ ഇത്ര ചെലവുചുരുക്കണമെന്ന് പറഞ്ഞ നമ്മൾ നടപടി എടുത്തുകഴിഞ്ഞാലും അനാവശ്യമായി ചെലവുചെ യ്യുന്ന അനവധി നടപടികളുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്തണം. എം.എൽ.എ.മാർക്ക് കുറച്ച് ചെലവുചുരുക്കാം. ഈ രാജ്യത്തെ പാവപ്പെട്ടവന്റെ കിട്ടാക്കുടിശ്ശിക, ഒരു തരത്തിലും വസൂലാക്കാൻ പറ്റാത്ത തുക എഴുതിത്തള്ളണം. അത് വേണ്ടെന്ന് വയ്ക്കണം. എന്നിട്ട് അവന് ആശ്വാ സമായി എവിടെയെങ്കിലും കിടന്നുറങ്ങാനുള്ള സ്വാതന്ത്ര്യമുണ്ടാകണം. ജപ്തി നടപടികൾ ദിവസേന വന്നുകൊണ്ടിരിക്കുകയാണ്. വീട് നഷ്ടപ്പെട്ട് ജപ്തി നടപടിയുമായി ഇന്ന് അവശരായി കഴിയുന്ന ഈ ജനവിഭാഗങ്ങളെ സഹായിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഗ്രാമീണ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതിക്ക് വായ്പ നൽകിയിരുന്നു. ഈ വായ്പത്തുക ഇൗടാക്കുന്നതുസംബന്ധിച്ച് ഒരു ആഡിറ്റ് റിപ്പോർട്ടുണ്ട്. 31.3.1994-ലെ അക്കൗണ്ടന്റ് ജനറലിന്റെ ആ റിപ്പോർട്ടിൽ ഈ തുക മുഴുവൻ റവന്യൂ റിക്കവറി വഴി ഈടാക്കണമെന്നാണ് പറഞ്ഞിരിക്കു ന്നത്. ആ റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ചു. 1999-2000 വർഷത്തിലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 63-ാം റിപ്പോർട്ടിൽ ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാണ് ശുപാർശ ചെയ്യുന്നത്, "മേൽപദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ വളരെ പാവപ്പെട്ടവരാണ്. വായ്പ നൽകിയ തുക വീടു നിർമ്മിക്കുന്നതിനുതന്നെ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ തിരികെ അടയ്ക്കാനുള്ള തുക എഴുതിത്തള്ളുന്നതിൽ അപാകതയില്ല. എന്നാൽ മനഃപൂർവ്വം ലോൺ തുക തിരികെ അടയ്ക്കാതെ സർക്കാർ ധനസഹായം ദുരുപയോഗം ചെയ്തിട്ടുണ്ടെങ്കിൽ അവരുടെമേൽ നടപടിയെടുക്കേണ്ടതുണ്ട്." അവർക്ക് അനുകൂലമായ ഒരു റിപ്പോർട്ടാണ്. വീടിനുവേണ്ടിയാണ് യഥാർത്ഥത്തിൽ തുക ഉപയോഗിച്ചിട്ടുള്ളതെങ്കിൽ എഴുതിത്തള്ളണമെന്നാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ. ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതുസംബന്ധിച്ച് ഏറെ താമസിക്കാതെ തീരുമാനമെടുക്കുന്നതാണ്.

# VI. റിപ്പോർട്ട് സമർപ്പണം

## 1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : X-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VII. നിയമ നിർമ്മാണകാര്യം

## 1999-ലെ കേരള ധനകാര്യബിൽ[+]

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനകാര്യബിൽ[+] സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 'ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി 31.8.1999 വരെ സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.പി. വർഗ്ഗീസ് : 'ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുകയാണ്. അങ്ങ് അവതരിപ്പിച്ചിരിക്കുന്ന ഈ ധനകാര്യബില്ലിൽ, അങ്ങ് ബഡ്ജറ്റു പ്രസംഗത്തിൽ മുന്നോട്ടുവച്ച നികുതി നിർദ്ദേശങ്ങളാണ് അടങ്ങിയിരിക്കുന്നത്. പ്രധാനമായും അഞ്ച് മൂലനിയമങ്ങളിലുള്ള മാറ്റങ്ങളാണ് ഇന്ന് ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു വ്യാമോഹം മാത്രമാണിത്. ഈ

---

[+] അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly